(എഫ്) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

(ജി) ബസ്സുകളുടെയും ജീവനക്കാരുടെയും ലഭ്യത അനുസരിച്ച് ദേശസാൽക്കൃത മേഖലയിലെ എല്ലാ സർവീസുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു. ദേശസാൽക്കൃതമല്ലാത്ത മേഖലയിലെ ലാഭകരമല്ലാത്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. മലപ്പുറം ഡിപ്പോയിലെ ടി.എ. 694-ാം നമ്പർ ബസ്

89 (2802) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. മലപ്പുറം ഡിപ്പോയിലെ ടി.എ. 694-ാം നമ്പർ ബസ് കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷന്റെ പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാന സമ്മേളനത്തിനായി വാടകയ്ക്ക് കൊടുത്തിരുന്നോ ;

(ബി) എങ്കിൽ എത്ര രൂപ വാടകയിനത്തിൽ ലഭിച്ചു ;

(സി) വാടക ഈടാക്കിയില്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് വന്ന പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അനധികൃതമായി ബസ് മലപ്പുറത്തുനിന്നും പെരിന്തൽമണ്ണയിലേയ്ക്ക് ഈ സമ്മേളനത്തിനായി ഉപയോഗിച്ചെങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി എടുത്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വാടകയ്ക്ക് കൊടുത്തിരുന്നില്ല. മലപ്പുറത്തുനിന്നും പെരിന്തൽമണ്ണയിലേയ്ക്ക് ഒരു ട്രിപ്പ് റൂട്ട് മാറ്റി സർവ്വീസ് അയച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സർവ്വീസായി അയയ്ക്കുന്ന ബസ് ട്രിപ്പിനു വാടകയീടാക്കാൻ നിയമമില്ല.

(ഡി) ഉണ്ട്.

(ഇ) മലപ്പുറത്തുനിന്ന് പെരിന്തൽമണ്ണയിലേയ്ക്ക് ഒരു ട്രിപ്പ് റൂട്ട് മാറ്റി സർവ്വീസിനയച്ച് കൺട്രോളിംഗ് ഇൻസ്പെക്ടറിൽ നിന്ന് വരുമാനത്തിലുണ്ടായ നഷ്ടം ഈടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly